കടലാക്രമണത്തെ ചെറുക്കാൻ നടപടി

170 (3605) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ കടലാക്രമണത്തെ അടിയന്തരമായി ചെറുക്കുന്നതിന് കരിങ്കല്ല് ഇറക്കിയ ഇനത്തിൽ എത്ര രൂപ ചെലവായി എന്നു വ്യക്തമാക്കാമോ ; ഇതിന്റെ കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ ;

(ബി) ചേർത്തല മണ്ഡലത്തിന്റെ തീരമേഖലകളിൽ കടലാക്രമണം ചെറുക്കുന്നതിന് എത്ര ലോഡ് കരിങ്കല്ലുകൾ വേണമെന്നാണ് മുൻ വർഷങ്ങളിൽ ഇറിഗേഷൻ എൻജിനിയറിംഗ് വിഭാഗം പറഞ്ഞിരുന്നതെന്ന് വ്യക്തമാക്കാമോ ; അതുപ്രകാരമുള്ള കരിങ്കല്ലുകൾ ചേർത്തലയുടെ തീരമേഖലകളിൽ ഇറക്കിയിരുന്നോ എന്നു വ്യക്തമാക്കാമോ ;

(സി) ആ ഇനത്തിൽ എത്ര രൂപയാണ് ചെലവായതെന്നും എത്ര ലോഡുകൾ ഇറക്കിയെന്നും പറയാമോ ; കല്ലിറക്കിയ ഇനത്തിൽ കോൺട്രാക്ടർമാർക്ക് നൽകാനുള്ള തുക പൂർണ്ണമായും നൽകി കഴിഞ്ഞോ ;

(ഡി) കടലാക്രമണം ചെറുക്കുന്നതിന് കടൽ ഭിത്തി പോലുള്ള ശാശ്വത സംവിധാനങ്ങൾ ഒരുക്കാതെ താൽക്കാലിക സ്വഭാവത്തിൽ കല്ലിറക്കി മണ്ണിൽ താഴ്ത്തിക്കളയുന്ന സമ്പ്രദായം ശാസ്ത്രീയമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ ; എല്ലാ വർഷവും ഇപ്രകാരം അടിയന്തര ജോലികളെന്ന പേരിൽ കല്ലിറക്കുന്ന നടപടി കൊണ്ട് എത്രമാത്രം പ്രയോജനം ജനങ്ങൾക്കുണ്ടാകുന്നുവെന്നും എത്രമാത്രം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുവെന്നും പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചേർത്തല മണ്ഡലത്തിലെ തീരമേഖലകളിൽ കടലാക്രമണം ചെറുക്കുന്നതിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കിയ കരിങ്കല്ലുകളുടെ വിശദവിവരം വർഷം തിരിച്ച് താഴെ കൊടുക്കുന്നു :

2011-12	- 1646 M^3
2012-13	- ...
2013-14	- 4798 M^3
2014-15	- 5798 M^3
2015-16	- 3910 M^3

(സി) 3 കോടി 86 ലക്ഷം രൂപ കരിങ്കല്ലിറക്കിയ ഇനത്തിൽ ഇതുവരെ ചെലവായി. കരിങ്കല്ല് ക്യൂബിക് മീറ്ററിനാണ് അളക്കുന്നത്. 4 വർഷത്തിൽ ഇതുവരെ 16152 M^3 കരിങ്കല്ലുകൾ ഇറക്കിയിട്ടുണ്ട്. 2.425 കോടി രൂപ ഇനി കരാറുകാർക്ക് നൽകാനുണ്ട്.

(ഡി) കടലാക്രമണമുണ്ടാകുന്ന പ്രദേശങ്ങളിൽ എല്ലായിടത്തും ശാശ്വത പരിഹാരമുണ്ടാകുന്ന തരത്തിൽ കടൽഭിത്തി/പുലിമുട്ട് നിർമ്മിക്കുക തന്നെയാണ് അഭികാമ്യം. എന്നാൽ അതിനുവേണ്ടത്ര തുക ഒന്നിച്ച് വകയിരുത്താൻ കഴിയാറില്ല. എന്നാൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് സർക്കാരിന്റെ ബാധ്യതയായതിനാൽ ജില്ലാ ഭരണകൂടത്തിന്റെയും ജനപ്രതിനിധികളുടെയും നിർദ്ദേശപ്രകാരം അടിയന്തരഘട്ടങ്ങളിൽ റബിൾ മൗണ്ടുകൾ നിർമ്മിക്കാറുണ്ട്. തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.-മാരുടേയും എം.പി.യുടേയും വിവിധ രാഷ്ട്രീയ പാർട്ടികളുടേയും ജില്ലാ ഭരണകൂടത്തിന്റേയും നിർദ്ദേശങ്ങളനുസരിച്ച് ജനങ്ങളുടെ ജീവനും വസ്തുവകകൾക്കും അടിയന്തര സംരക്ഷണം നൽകുവാനും കൂടിയാണ് ടി പ്രവൃത്തികൾ ചെയ്യുന്നത്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

171 (3606) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണ് ; ഭരണാനുമതി ലഭിച്ചിട്ടും നടപ്പിലാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly